പിന്നോക്ക – പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) എല്ലാ സങ്കേതങ്ങൾക്കും സഹായം നൽകിയിട്ടുണ്ട്. കൂടാതെ 247 ആദിവാസി സങ്കേതങ്ങളെ ഐ.എച്ച്.ഡി.പി. കോളനികളായി പ്രഖ്യാപിച്ച് കൂടുതൽ സഹായവും നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് സുവർണ്ണ ജൂബിലി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി എന്ന ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകളും വീടു നൽകാനുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകിവരുന്നത്.

(ഡി) സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്ത് 526 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ നൽകിയിട്ടുള്ള വീടുകളുടെ കണക്ക് ലഭ്യമല്ല.

(ഇ) കോട്ടയം, കൊല്ലം ജില്ലകളിൽ പുതിയ മോഡൽ റസിഡൻസ്യൽ സ്കൂളുകൾ ആരംഭിക്കുക, ഔഷധ സസ്യക്കൃഷിയും അതിന്റെ സംസ്ക്കരണവും ഉദ്ദേശിച്ചുള്ള പ്രോസസിംഗ് യൂണിറ്റ് അനുവദിക്കുക, പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക (നഷ്ടപ്പെട്ട മനുഷ്യ പ്രയത്ന ദിവസങ്ങൾക്ക്) പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് വേണ്ടി പാലക്കാട് ആശ്രമം സ്കൂൾ ആരംഭിക്കുക, അടിമ, പണിയ വിഭാഗങ്ങൾക്കുവേണ്ടി വയനാട് ലോക്കൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക എന്നിവയാണ് പുതിയ പദ്ധതികൾ. കൂടാതെ എല്ലാ സങ്കേതങ്ങളിലും സോഷ്യൽ ആക്റ്റിവിസ്റ്റുകളുടെ നിയമനം അട്ടപ്പാടി, ഇടുക്കി എന്നിവിടങ്ങളിലെ ആരോഗ്യപദ്ധതികൾ എന്നിവയും ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്) ആദിവാസി സങ്കേതങ്ങൾ വൈദ്യുതീകരിക്കുന്നതിനും വീടുകൾ വയറിംഗ് നടത്തുന്നതിനും ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. സങ്കേതങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനും വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ഗ്രാമവികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് ത്രിതല പഞ്ചായത്തുകൾ തുടങ്ങിയ ഏജൻസികൾ വഴി പദ്ധതികൾ നടപ്പാക്കി വരുന്നു.

വൈദ്യുത ഉപഭോക്താക്കളുടെ കൺസ്യൂമർ കാർഡ്

22 (*51) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുത ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ് ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ കൺസ്യൂമർ കാർഡ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച കേസുകളിൽ സത്യവാങ്മൂലം സമർപ്പിച്ചപ്പോൾ അപേക്ഷയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ വൈദ്യുതി ചാർജോ ഡെപ്പോസിറ്റോ വാങ്ങില്ലെന്നത് ഹൈക്കോടതിയെ അറിയിച്ചിരുന്നോ ;

(സി) എങ്കിൽ അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് ആവശ്യപ്പെടുവാൻ നടപടി സ്വീകരിച്ചതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ഡി) ഉപഭോക്താക്കളുടെ കൺസ്യൂമർ കാർഡിന് മേലുള്ള ആശങ്ക ദൂരീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) അറിയിച്ചിരുന്നു.

(സി) സർവ്വീസ് കണക്ഷൻ നൽകുന്നതിന് മുന്നോടിയായിത്തന്നെ ഉപഭോക്താവ് ബോർഡിൽ അടയ്ക്കേണ്ട തുകയാണ് 'സി.ഡി.' എന്ന ചുരുക്കപ്പേരിൽ അറിയുന്ന " ക്യാഷ് ഡിപ്പോസിറ്റ്". ഇ. എച്ച്. റ്റി. കൺസ്യൂമർക്ക് പ്രതിമാസം ഉപയോഗിക്കുവാൻ സാദ്ധ്യതയുള്ള വൈദ്യുതി ചാർജ്ജിന്റെ ഇരട്ടിയും എൽ.റ്റി. ഉപഭോക്താക്കൾക്ക് മൂന്നിരട്ടിയുമാണ് സി.ഡി. കണക്കാക്കുക. യഥാർത്ഥ ഉപഭോഗത്തിലുള്ള വർദ്ധനവു മൂലവും കാലാകാലങ്ങളിൽ ഉണ്ടാകുന്ന നിരക്ക് വർദ്ധനവു മൂലവും പ്രസ്തുത ആനുപാതിക തുകതികയാതെ വന്നാൽ അത് ബോർഡിന് നൽകണമെന്ന് നിലവിലുള്ള കണ്ടിഷൻസ് ഓഫ് സപ്ലൈ ഓഫ് ഇലക്ട്രിക്കൽ എനർജിയുടെ ക്ലോസ്-14 (ഡി)യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയനുസരിച്ച് കൺസ്യൂമർ ഏർപ്പെടുത്തുന്നതിന് മുൻപും ഇപ്പോൾ കൺസ്യൂമർ കാർഡിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത വിഭാഗങ്ങൾക്കും അഡീഷണൽ ക്യാഷ് ഡിപ്പോസിറ്റിന് നോട്ടീസ് നൽകുകയും ഉപഭോക്താവ് അത് നൽകുകയും ചെയ്തു വരുന്നുണ്ട്. ഇതിന് കൺസ്യൂമർ കാർഡുമായി ബന്ധമില്ല. ഇപ്രകാരം അടയ്ക്കുന്ന തുക കൺസ്യൂമർ കാർഡിൽ രേഖപ്പെടുത്തുകയും അത് ഒരു അംഗീകൃതരേഖയായി ഭാവിയിൽ ഉപഭോക്താവിന് ഉപയോഗിക്കാവുന്നതുമാണ്.

(ഡി) അപേക്ഷാ ഫാറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ചില കാര്യങ്ങൾ പൂരിപ്പിച്ചു നൽകാൻ ഉപഭോക്താവിന് ബുദ്ധിമുട്ടാണെന്നും കണക്റ്റഡ് ലോഡിന്റെ യഥാർത്ഥ വിവരം നൽകിയാൽ അധികചാർജ് നൽകേണ്ടി വരുമെന്നുള്ള ആശങ്ക ഉപഭോക്താവിന് ഉണ്ടെന്നും ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ ഉപഭോക്താവിന് പൂരിപ്പിച്ചു നൽകാൻ ബുദ്ധിമുട്ടുള്ള, അപേക്ഷാ ഫാറത്തിലെ ക്രമ നമ്പർ 2,4,5,9,10,14,16,17 എന്നീ എട്ട് കോളങ്ങൾ ഉപഭോക്താവ് പൂരിപ്പിക്കേണ്ടതില്ലെന്ന് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കണക്റ്റഡ് ലോഡിനെ സംബന്ധിച്ച് "ലൈറ്റുകൾ" "ഫാനുകൾ" എന്നിവയുടെ എണ്ണം, സ്ഥിരമായി ഉപയോഗിക്കുന്ന 'പ്ലഗു'കളുടെ എണ്ണം ഉപയോഗിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിക് ഉപകരണങ്ങളുടെ പേര് എന്നിവ നൽകിയാൽ മതിയെന്നും ഉത്തരവായിട്ടുണ്ട്. ഫാറം പൂരിപ്പിച്ചു നൽകുന്നതുകൊണ്ട് ഉപഭോക്താവിന് അധിക ചാർജ് നൽകേണ്ടി വരികയില്ലെന്നും മറ്റു സാദ്ധ്യതകൾ ഉണ്ടാവില്ലെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

വൈദ്യുതി ബിൽ-2000

23 (*52) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ "വൈദ്യുതി ബിൽ 2000" നടപ്പാക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന് ഗുണകരമായ വകുപ്പുകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം എന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തിന് ഗുണകരമല്ലാത്ത വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; വിശദീകരിക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഈ ബിൽ നടപ്പാക്കരുതെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത ബിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വൈദ്യുതി നയത്തിനും വൈദ്യുതി വികസനത്തിനും എതിരാണ്. സംസ്ഥാനത്തിന് ഗുണകരമായ വകുപ്പുകൾ ബില്ലിൽ ഉൽപ്പെടുത്തിയിട്ടില്ല. ഈ ബിൽ നിലവിൽ വന്നാൽ വൈദ്യുതി ബോർഡ് ഇല്ലാതാകും. വൈദ്യുതി താരിഫ് നിശ്ചയിക്കുന്നതിനുള്ള അധികാരംമാത്രം നൽകികൊണ്ട് റഗുലേറ്ററികമ്മീഷൻ രൂപീകരിക്കാനാണ് നിലവിലുള്ള വ്യവസ്ഥ. പുതിയ ബില്ലിൽ ഈ വ്യവസ്ഥ എടുത്തുകളയപ്പെടുകയും താരിഫ് വർദ്ധനയുൾപ്പെടെയുള്ള നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള വിപുലമായ അധികാരങ്ങൾ കമ്മിഷൻ നിർബന്ധമാക്കിയിരിക്കുന്നു. വിവിധ വിഭാഗങ്ങൾക്കുള്ള സബ്സിഡി കർശനമായി നിയന്ത്രിക്കുകയും ചെയ്യുന്നു. ഇത് ഏറ്റവും ദോഷകരമായി ബാധിക്കുന്നത് സംസ്ഥാനത്തെ ഉപഭോക്താക്കളെയാണ്. സ്വകാര്യ വൽക്കരണത്തിന് ആക്കം കൂട്ടുന്നതുമാണ് പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ. കൺകറന്റ് ലിസ്റ്റിൽപ്പെട്ട വൈദ്യുതിയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വകാര്യവൽക്കരണത്തിന്റേതായ ഒരു നയം അടിച്ചേൽപ്പിക്കുന്നത് സംസ്ഥാന സർക്കാരിന്റെ അധികാരത്തിൻമേലുള്ള ഒരു കടന്നുകയറ്റമാണ്. ഇക്കാര്യങ്ങൾ 26-2-2000-ത്തിൽ കൂടിയ വൈദ്യുതി മന്ത്രിമാരുടെ സമ്മേളനത്തിൽത്തന്നെ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി വ്യക്തമാക്കിയിരുന്നു. ബിൽ നടപ്പാക്കുന്നതിനെതിരെ കേരളത്തിലെ മന്ത്രിസഭയുടെ എതിർപ്പ് കേന്ദ്രത്തിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly